(ബി) വയനാട് ജില്ലയിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള ചുമതല ഡൽഹിയിലെ അരാവലി ഇൻഫ്രാ പവർ ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(സി) വില്ലേജ് അടിസ്ഥാനത്തിലുള്ള പദ്ധതി പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ പദ്ധതി പ്രകാരം 5415 വീടുകൾ വൈദ്യുതീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) കരാർ ഒപ്പിട്ട് 18 മാസക്കാലം കൊണ്ട് പദ്ധതി പൂർത്തിയാക്കണം എന്നുള്ളതാണ് മാർഗ്ഗ നിർദ്ദേശം. 15-1-2011-ലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്.

(എഫ്) റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (REC) നിന്നും അനുമതി ലഭിച്ച പ്രദേശങ്ങളിലാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കുന്നത്. ഇനിയും കൂടുതൽ പ്രദേശങ്ങൾ വൈദ്യുതീകരിക്കേണ്ടി വരുകയാണെങ്കിൽ പദ്ധതി കാലയളവിനുള്ളിൽ ആർ.ഇ.സി.-യിൽ നിന്നും അനുമതി ലഭിച്ചാൽ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ അനുവദിച്ച വൈദ്യുതി കണക്ഷനുകൾ

138(2391) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ എത്ര വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) പുതിയതായി എത്ര ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കിലോമീറ്റർ 11 കെ.വി. ലൈൻ വലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര കിലോമീറ്റർ ലോ ടെൻഷൻ ലൈൻ വലിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ നൽകിയ വൈദ്യുതി കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത്	നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം
ശാന്തൻപാറ	1807
രാജകുമാരി	1053
സേനാപതി	687
ഉടുമ്പൻചോല	1832
ഇരട്ടയാർ	2114
നെടുങ്കണ്ടം	2901
പാമ്പാടുംപാറ	987
കരുണാപുരം	3167
വണ്ടൻമേട്	2187
രാജാക്കാട്	1293

(ബി) 209 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) 191.128 കിലോമീറ്റർ 11 കെ.വി. ലൈൻ വലിച്ചിട്ടുണ്ട്.

(ഡി) 914.656 കിലോമീറ്റർ ലോ ടെൻഷൻ ലൈൻ വലിച്ചിട്ടുണ്ട്.

വൈദ്യുതി മേഖലയിൽ മാനന്തവാടി താലൂക്കിൽ ചെലവഴിച്ച തുക

139(2392) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികവർഗ്ഗവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

മാനന്തവാടി താലൂക്കിൽ വൈദ്യുതി മേഖലയിൽ വിവിധ പ്രവൃത്തികൾക്കായി എത്ര തുക ചെലവഴിച്ചു ; പ്രവൃത്തികളുടെ പേരു വിവരങ്ങളും ഓരോ പ്രവൃത്തിക്കും ചെലവായ തുകയെത്രയെന്നും വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി താലൂക്കിൽ വിതരണ മേഖലയിൽ എം.പി.ഫണ്ടിൽ നിന്നും 30.6 ലക്ഷം രൂപ വിനിയോഗിച്ച് 10 പ്രവൃത്തികളും എം.എൽ.എ. ഫണ്ടിൽ നിന്നും 49.44 ലക്ഷം രൂപ വിനിയോഗിച്ച് 15 പ്രവൃത്തികളും 4.1 കോടി രൂപയുടെ 109 വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തികളും 4.02 കോടി രൂപയുടെ 150 കെ.ഡി.എസ്. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളും ബോർഡിന്റെ നോർമൽ ഡവലപ്മെന്റ് ഫണ്ടിൽ നിന്നും 7.52 കോടി രൂപ വിനിയോഗിച്ച് 14436 വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി താലൂക്കിൽ പ്രസരണ മേഖലയിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly